**പതിനാലാം കേരള നിയമസഭ**
**18-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.63** — **03.02.2020-ൽ മറുപടിയ്ക്ക്**

## മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭക്ക് ചുമത്തിയ പിഴ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) മാലിന്യ സംസ്കരണത്തിലെ വീഴ്ചകളെ- ത്തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ നിയമപ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭക്ക് പിഴ ചുമത്തിയതിന്റെയും ആയത് തീർപ്പാക്കിയതിന്റെയും വിശദാംശങ്ങൾ അറിയിക്കുമോ; | (എ) മാലിന്യ സംസ്കരണത്തിലെ വീഴ്ചയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തിയിട്ടില്ല. കാരണം കാണിക്കൽ നോട്ടീസ് നൽകുക മാത്രമാണ് ഉണ്ടായത്. ഇത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ബി) ഇപ്രകാരം പിഴ ചുമത്തിയ ശേഷം നഗരസഭയ്ക്ക് പിഴ ഒഴിവാക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>(സി) ഉണ്ടെങ്കിൽ ഇതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ? | (ബി) & (സി) നഗരസഭ ബഹു. ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഓർഡർ സമ്പാദിക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ